**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 946 — 30/6/2011-ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം :

മറുപടി

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ
ക്ഷേമവും വിനോദസഞ്ചാരവും
വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>തിരുവനന്തപുരം ജില്ലയിൽ എത്ര പട്ടികജാതി സങ്കേതങ്ങളാണ് ഉള്ളത് ;</td><td>(എ)</td><td>കേരളത്തിലെ പട്ടികജാതിക്കാരുടെ അടിസ്ഥാന വിവരശേഖരണവുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) നടത്തിയ സർവ്വേയുടെ പ്രാഥമിക വിവരം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 2490 പട്ടികജാതി സങ്കേതങ്ങളുണ്ട്.</td></tr>
<tr><td>(ബി)</td><td>പൂവാർ, കാഞ്ഞിരംകുളം, കരിങ്കുളം, കോട്ടുകാൽ,ബാലരാമപുരം, വെങ്ങാനൂർ, കല്ലിയൂർ പഞ്ചായത്തുകളിൽ നിലവിൽ എത്ര പട്ടികജാതി സങ്കേതങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;</td><td>(ബി)</td><td><table>
<tr><td>പൂവ്വാർ പഞ്ചായത്ത്</td><td>35</td></tr>
<tr><td>കാഞ്ഞിരംകുളം</td><td>24</td></tr>
<tr><td>കരിങ്കുളം</td><td>27</td></tr>
<tr><td>കോട്ടുകാൽ</td><td>29</td></tr>
<tr><td>ബാലരാമപുരം</td><td>28</td></tr>
<tr><td>വെങ്ങാന്നൂർ</td><td>41</td></tr>
<tr><td>കല്ലിയൂർ</td><td>40</td></tr>
</table>
പട്ടികജാതി സങ്കേതങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പട്ടികജാതി സങ്കേതങ്ങളിലെ എല്ലാ വീടുകളിലും വെള്ളവും</td><td>(സി)</td><td>വിവരം ശേഖരിച്ച് നൽകുന്നതാണ്</td></tr>
</table>

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| | വെളിച്ചവും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | | |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ? | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തെ എസ്.സി.പി. ഫണ്ടിന്റെ 2/3 ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി. ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ വകുപ്പിന്റെ എസ്.സി.പി. ഫണ്ടിൽ നിന്നും കുടിവെള്ളത്തിനും വൈദ്യുതീകരണത്തിനും തുക വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.